LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി

159 (544) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്. ടി എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണ പ്ലാന്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ എസ്റ്റേറ്റുകളിലെ അറ്റകുറ്റപ്പണികൾ, പുനർനിർമ്മാണം എന്നിവയ്ക്കായി ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റ് വിഹിതമായി തുക വകയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഭരണാനുമതിക്ക് വിധേയമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന 1462 വ്യവസായ യൂണിറ്റുകൾക്ക് റോഡ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ളതും സിഡ്കോയുടെ കീഴിലുള്ളതുമായ പാർക്കുകൾ ആധുനികവൽക്കരിക്കുന്നതിന് ആവശ്യമായ സമഗ്രമായ പദ്ധതി പരിഗണനയിലുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ മേഖലയുടെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കൊച്ചി, എറാണാകുളം പെട്രോ കെമിക്കൽ പാർക്ക്, എറാണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം. ഐ.ടി / ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം, രണ്ടാം ഘട്ടം, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം, കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ, സ്പൈസസ് പാർക്ക്, ഇടുക്കി ഇൻറഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളിൽ ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലകളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഓരോ വ്യവസായ എസ്റ്റേറ്റിലെയും ഗതാഗത സൗകര്യത്തിന്റെ അധിക ആവശ്യകത പരിശോധിച്ച് അറ്റകുറ്റപ്പണി/പുനർനിർമ്മാണം പൊതുമരാമത്ത് വകുപ്പ്, അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ എന്നിവ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തിവരുന്നു. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഉള്ളൂർ, ഒലവക്കോട്, വെസ്റ്റ്ഹിൽ, കടലുണ്ടി, പാലയാട്, ഒല്ലൂർ എന്നീ എസ്റ്റേറ്റുകളിലെ റോഡുകൾ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയം സംബന്ധിച്ച്

160 (545) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയം വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം വ്യവസായ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുകയെന്ന് അറിയിക്കുമോ?

(എ&ബി) കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തമായ നിക്ഷേപക സംസ്ഥാനമാക്കി ഒപ്പം വാണിജ്യ രംഗത്ത് ഒരു കുതിച്ചുചാട്ടവും ഉണ്ടാക്കി ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിച്ച് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സുഗമമായി വ്യവസായം നടത്തുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയും രാജ്യത്തെ ആദ്യ സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ ഉയർത്തുകയും ചെയ്യുക എന്നതാണ് നിലവിലുള്ള വ്യവസായ നയത്തിന്റെ വീക്ഷണം. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന സംവിധാനം എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുകയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുന്നു. ഏകജാലക സംവിധാനം (Single Window Clearance) കേരളത്തിലെ വ്യാവസായിക അന്തരീക്ഷം ഊർജ്ജിതപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾക്ക് കേരള സർക്കാർ രൂപം

LIBRARY ARCHIVES Kerala Legislative Assembly